പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 46

# 2021-ലെ കേരള സംസ്ഥാന പാഴ്‌വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീമതി സി. കെ. ആശ, എം.എൽ.എ., നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 46

# 2021-ലെ കേരള സംസ്ഥാന പാഴ്‌വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീമതി സി. കെ. ആശ, എം.എൽ.എ., നോട്ടീസ് നൽകിയത്)

# 2021-ലെ കേരള സംസ്ഥാന പാഴ്‌വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീമതി സി. കെ. ആശ, എം.എൽ.എ., നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ പാഴ്‌വസ്തു ശേഖരണ മേഖലയിൽ തൊഴിലെടുക്കുന്നവരും നിലവിലെ വേജ് ബോർഡിന്റെ പരിധിയിൽ വരാത്ത ജോലികൾ ചെയ്യുന്നവരുമായ തൊഴിലാളികളുടെ ക്ഷേമത്തിനും പെൻഷൻ നൽകുന്നതിനും ചികിത്സാധനസഹായത്തിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ പാഴ്‌വസ്തുക്കൾ ശേഖരിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും ബന്ധപ്പെട്ട മറ്റു ചില കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം നിർമ്മിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിന് 2021-ലെ കേരള സംസ്ഥാന പാഴ്‌വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ആക്ട് എന്ന് പേര് പറയാം;

(2) ഇതിന് സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്;

(3) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനപ്രകാരം നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിന്റെ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "പാഴ്‌വസ്തു ശേഖരിക്കുന്നവർ" എന്നാൽ സംസ്ഥാനത്താകമാനം വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഉപയോഗശൂന്യമായ വീട്ടുപകരണങ്ങളും മറ്റിതര പാഴ്‌വസ്തുക്കളും പണം കൊടുത്തും അല്ലാതെയും വാങ്ങുകയും നിരത്തിലും പറമ്പുകളിലും ജലാശയങ്ങളിലും ഉപേക്ഷിക്കപ്പെടുന്ന പാഴ്‌വസ്തുക്കൾ ശേഖരിച്ച് ഉപയോഗപ്രദമാക്കുകയോ വില്പന നടത്തുകയോ ചെയ്യുന്ന തൊഴിലാളികൾ എന്നർത്ഥമാക്കുന്നു;

ഈ ആക്ടിന്റെ ആവശ്യത്തിനായി ഒരാൾ ഈ വിഭാഗത്തിലെ തൊഴിലാളിയാണോ അല്ലയോ എന്ന തർക്കം ഉണ്ടാവുകയാണെങ്കിൽ ആ പ്രശ്നം സർക്കാരിനോ ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള രജിസ്റ്റേഡ് ട്രേഡ് യൂണിയനുകൾക്കോ റഫർ ചെയ്യേണ്ടതും അതിന്മേലുള്ള സർക്കാരിന്റെയോ ആ സംഘടനകളുടെയോ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(ബി) "ബോർഡ്" എന്നാൽ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന പാഴ്‌വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാക്കുന്നു;

(സി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 8-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാക്കുന്നു;

(ഡി) "അംശദായം" എന്നാൽ 6-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് നൽകേണ്ട പണത്തിന്റെ തുക എന്നർത്ഥമാക്കുന്നു;

(ഇ) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാനത്തെ പാഴ്‌വസ്തു ശേഖരണ രംഗത്തെ തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാക്കുന്നു;

(എഫ്) "അംഗം" എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാക്കുന്നു;

(ജി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാക്കുന്നു;

(എച്ച്) "പട്ടിക" എന്നാൽ ഈ ആക്ടിന്റെ പട്ടിക എന്നർത്ഥമാക്കുന്നു;

(ഐ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാക്കുന്നു.

3. <u>സംസ്ഥാനത്ത് പാഴ്‌വസ്തുക്കൾ പണംകൊടുത്ത് ശേഖരണം നടത്തുന്നവരും നിരത്തുകളിലും പറമ്പുകളിലും ജലാശയങ്ങളിലും ഉപേക്ഷിക്കപ്പെടുന്ന പാഴ്‌വസ്തുക്കൾ ശേഖരിക്കുന്ന തൊഴിലാളികളുടെ ക്ഷേമനിധി പദ്ധതി.</u>—സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഈ മേഖലയിലെ ജീവനക്കാരുടെ ക്ഷേമത്തിനായി ഈ ആക്ടിന്റെ കീഴിൽ ഒരു

നിധി രൂപീകരിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന പാഴ്‌വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും പദ്ധതി രൂപീകരിച്ചശേഷം എത്രയും വേഗത്തിൽ ഈ ആക്ടിലും പദ്ധതിയിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഒരു നിധി രൂപീകരിക്കേണ്ടതുമാണ്. സർക്കാർ ഈ നിധിയിലേക്ക് ഓരോ വർഷവും ബഡ്ജറ്റിൽ നിശ്ചിത തുക നീക്കിവയ്ക്കേണ്ടതാണ്.

4. നിധിയിൽ താഴെപ്പറയുന്നവ ഉൾക്കൊള്ളിക്കേണ്ടതാണ്:—

(1) അംശദായങ്ങൾ;

(2) ബോർഡ് കടം വാങ്ങിയ തുക;

(3) മറ്റേതെങ്കിലും മാർഗ്ഗങ്ങളിൽ നിന്നുള്ള ഏതൊരു സംഭാവനയും ;

(4) പദ്ധതിപ്രകാരം ലെവിചെയ്യപ്പെട്ട ഫീസ്;

(5) സർക്കാർ ഈ നിധിയിലേക്ക് നീക്കിവയ്ക്കുന്ന തുക;

(6) സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ സാമൂഹ്യക്ഷേമ ഫണ്ടിൽ നിന്നും സംഭാവനയായി ലഭിക്കുന്ന തുക;

(7) പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും പാഴ്‌വസ്തുക്കൾ നിക്ഷേപിക്കുന്നവരിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന പിഴയുടെ 50% തുക;

(8) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക.

5. നിധി താഴെപ്പറയുന്ന ഏതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്:—

1. അവശത കാരണം ജോലി ചെയ്യുന്നതിന് കഴിവില്ലാതാവുകയോ 60 വയസ്സ് പൂർത്തീകരിക്കുകയോ ചെയ്യുന്ന എല്ലാ അംഗങ്ങൾക്കും പെൻഷൻ നൽകുന്നതിന്;

2. ഈ ആക്ട് പ്രാബല്യത്തിൽ വന്നതിനു മുമ്പും ശേഷവും സംസ്ഥാനത്ത് പാഴ്‌വസ്തു ശേഖരണരംഗത്ത് ജോലി ചെയ്ത് 60 വയസ്സ് പൂർത്തീകരിക്കുകയോ സ്ഥായിയായ അവശതമൂലം തൊഴിൽ രഹിതരാവുകയോ ചെയ്യുന്ന വ്യക്തിക്ക് പെൻഷൻ നൽകുന്നതിന്;

3. അംശദായം അടയ്ക്കുന്ന അംഗം സ്ഥായിയായ അവശത അനുഭവിക്കേണ്ടി വരുമ്പോൾ സാമ്പത്തിക സഹായവും പെൻഷനും അനുവദിക്കുന്നതിന്;

4. പാഴ്‌വസ്തു ശേഖരണ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുന്നതിന്;

5. പാഴ്‌വസ്തു ശേഖരണ രംഗത്ത് തൊഴിലെടുക്കുന്ന പുരുഷ തൊഴിലാളിയുടെ ഭാര്യയുടെ പ്രസവ ചെലവുകൾ നൽകുന്നതിന്;

6. മക്കളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന്;

7. അംഗത്തിന്റെയും കുടുംബത്തിന്റെയും ചികിത്സാ ആനുകൂല്യങ്ങൾ, മരണാന്തര സഹായം എന്നിവ നൽകുന്നതിന്.

6. <u>നിധിയിലേക്കുള്ള അംശദായം</u>:—(1) ഈ മേഖലയിൽ ജോലി ചെയ്യുന്നവർ ഓരോ മാസവും 100 രൂപ വീതം അംശദായം ബോർഡിലേക്ക് നൽകേണ്ടതാണ്;

(2) അംശദായം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ ഈ ആവശ്യത്തിനു വേണ്ടി ബോർഡ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ശേഖരിക്കാവുന്നതാണ്.

7. <u>ബോർഡിന്റെ രൂപീകരണം</u>:—

1. സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി നിധിയുടെ ഭരണനിർവ്വഹണത്തിനും നിധിയിൽനിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയോ അത് നടപ്പിലാക്കുകയോ ചെയ്യുന്നതിനും പാഴ്‌വസ്തു ശേഖരണ രംഗത്ത് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കാവുന്നതാണ്.

2. ബോർഡിൽ സർക്കാർ നിയമിക്കുന്ന അത്രയും എണ്ണം ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതും അവരെ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തെരഞ്ഞെടുക്കേണ്ടതും ആണ്.

3. ബോർഡിലെ ചെയർമാന്റെയും വൈസ് ചെയർമാന്റെയും ഡയറക്ടർമാരുടെയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

4. ബോർഡിലെ അംഗങ്ങളിൽ ഒരാളെ ചെയർമാനായും മറ്റൊരാളെ വൈസ് ചെയർമാനായും സർക്കാർ നിശ്ചയിക്കേണ്ടതാണ്.

5. പാഴ്‌വസ്തു ശേഖരിക്കുന്ന തൊഴിലാളികളുടെ 3-ൽ കുറയാത്ത പ്രതിനിധികളെ ഡയറക്ടർ ബോർഡിലേക്ക് ഉൾപ്പെടുത്താവുന്നതാണ്.

6. ബോർഡിന്റെ കാലാവധി ഗസറ്റ് വിജ്ഞാപന തീയതി മുതൽ 5 വർഷക്കാലമായിരിക്കും.

8. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.—

സർക്കാരിന് ഈ ആക്ട് പ്രകാരം ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും ബോർഡിനെ സഹായിക്കുന്നതിനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ആവശ്യമായ മറ്റുദ്യോഗസ്ഥരെയും നിയമിക്കാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് അനേകം പേർ പാഴ്‌വസ്തു ശേഖരണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ഇവർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, അവരുടെയും കുടുംബാംഗങ്ങളുടെയും ചികിത്സാ സഹായം എന്നിവ നൽകുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റപ്പെടുന്നതിന് വേണ്ടിയുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡപ്രകാരം ഓരോ അംഗവും പ്രതിമാസം 100 രൂപ അംശദായമായി നൽകേണ്ടതാണ്. ഇത്തരം തൊഴിലാളികളുടെ എണ്ണം ഏകദേശം 50000 വരെ വരുമെന്ന് കണക്കാക്കുന്നു. അതിനാൽ വാർഷിക അംശദായമായി 5 കോടി രൂപവരെ വരുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. സർക്കാരിന് ഈ ബോർഡ് രൂപീകരിക്കുന്നതുകൊണ്ട് യാതൊരുവിധ ബാദ്ധ്യതകളും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഗസറ്റ് വിജ്ഞാപനംമൂലം സർക്കാർ നിശ്ചയിക്കുന്ന രീതിയിൽ ആക്ട് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 1-ാം ഖണ്ഡിക കൊണ്ട് ഉദ്ദേശിക്കുന്നു.

സി. കെ. ആശ, എം.എൽ.എ.